ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ...(തടസ്സം)..... ഞങ്ങളുടെ കാലത്ത് നിയമിച്ചുവെന്ന് പറയുന്നത് ട്രെയ്നീസിനെയാണ്. ഇത് അതല്ല. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്.

VII റൂളിംഗ്

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച ക്രമപ്രശ്നത്തിലെ ഇതേ വിഷയം തന്നെ ശ്രീ. കെ.എം. മാണിയും ക്രമപ്രശ്നം ഉന്നയിക്കാൻ ചെയറിന് എഴുതിത്തന്നിരുന്നു. ബഹുമാനപ്പെട്ട മിനിസ്റ്റർ അതിന് മറുപടി പറഞ്ഞു. മറുപടി തൃപ്തികരമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ട് നിലവിലുണ്ട്. അത് നിലവിലുള്ളപ്പോൾത്തന്നെ വന്നിട്ടുള്ള സുപ്രീം കോടതി വിധിയുടേയും ഹൈക്കോടതി വിധിയുടേയും അതുപോലെ കീഴ്വഴക്കങ്ങളുടേയും അടിസ്ഥാനത്തിലാണ് ഇപ്പോൾ നടന്നുപോകുന്നത്. ആക്ട് ഒരു ഭാഗത്ത് നിലനിൽക്കുമ്പോൾ തന്നെയാണ് കോടതി വിധികൾ വന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ലെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഇപ്പോൾ എടുത്ത നടപടികൾ ശരിയായ രീതിയിലാണെന്ന് മിനിസ്റ്റർ ഇവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി എട്ടാമത് റിപ്പോർട്ട് പരിഗണന.

മി. സ്പീക്കർ : അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി എട്ടാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ

(ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, എം.എൽ.എ. നോട്ടീസ് നൽകിയത്.)

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : 2010-ലെ കേരള മതനിരപേക്ഷ മൃതദേഹ സംസ്കരണ സ്വാതന്ത്ര്യം ഉറപ്പാക്കൽ ബിൽ സർക്കാർ അംഗീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly